പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2418** 19.07.2016-ൽ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി - വോൾവോ ബസ്സുകൾ**

**ചോദ്യം**

ശ്രീമതി. പി.സി. ജോർജ്ജ്

**ഉത്തരം**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി-യ്ക്ക് എത്ര വോൾവോ ബസ്സുകളാണ് നിലവിലുള്ളതെന്നും; ഇതിൽ എത്ര എണ്ണം സർവ്വീസ് നടത്തുന്നുണ്ടെന്നും എത്രയെണ്ണം ഓടാതെ കട്ടപ്പുറത്ത് ഉണ്ടെന്നും വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി-യ്ക്ക് നിലവിൽ 13 വോൾവോ എ.സി ബസുകളാണ് ഉള്ളത്. ഇതിൽ 10 മൾട്ടി ആക്സിൽ ബസുകളും 3 സിംഗിൾ ആക്സിൽ ബസുകളും ഉൾപ്പെടുന്നു. 11/07/2016-ലെ കണക്കുപ്രകാരം ഇതിൽ 10 എണ്ണം സർവ്വീസ് നടത്തുകയും 3 എണ്ണം വിവിധ അറ്റകുറ്റപ്പണികൾക്കായി നിർത്തിയിട്ടിരിക്കുകയുമാണ്.<br>കെ.എസ്.ആർ.ടി.സിയുടെ അനുബന്ധസ്ഥാപനമായ കെ.യു.ആർ.ടി.സിയ്ക്ക് 190 വോൾവോ ലോ ഫ്ളോർ എ.സി ബസ്സുകളാണ് നിലവിൽ ഉള്ളത്. 11/07/2016 -ൽ കണക്കുപ്രകാരം ഇതിൽ 155 എണ്ണം സർവ്വീസ് നടത്തുകയും, 29 എണ്ണം വിവിധ അറ്റകുറ്റപ്പണികൾക്കായി നിർത്തിയിട്ടിരിക്കുകയുമാണ്. കൂടാതെ 6 എണ്ണം സ്പെയറായും ഉണ്ടായിരുന്നു. |
| (ബി) | ഓരോ ഡിപ്പോയിലും എത്ര വോൾവോ ബസ്സുകൾ ഉണ്ടെന്നും, ഇതിൽ എത്രയെണ്ണം സർവ്വീസ് നടത്തുന്നുവെന്നും എത്രയെണ്ണം ഓടാതെ കട്ടപ്പുറത്ത് (workshops) ഉണ്ടെന്നും പ്രത്യേകം പ്രത്യേകമായി വിശദമാക്കുമോ; | (ബി) | ഓരോ ഡിപ്പോയിലെയും വോൾവോ ബസുകളുടെ എണ്ണം, സർവ്വീസ് നടത്തിയ ബസുകളുടെ എണ്ണം, ഓടാത്ത ബസുകളുടെ എണ്ണം തുടങ്ങിയവ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ഒരു വോൾവോ ബസ്സ് നിരത്തിൽ ഇറക്കി ഓടിക്കാൻ എത്ര ലക്ഷം രൂപാ ചെലവാകുമെന്ന് വ്യക്തമാക്കുമോ; | (സി) | ഒരു വോൾവോ ബസ്സ് നിരത്തിൽ ഇറക്കി ഓടിക്കുന്നതിന് ഉദ്ദേശം ഒരു കോടി രൂപ ചെലവു വരുന്നതാണ്. |

<table>
<tr><td>(ഡി)</td><td>എത്ര വോൾവോ ബസ്സുകൾ ഇന്റർ സ്റ്റേറ്റ് സർവ്വീസുകൾ നടത്തുന്നുണ്ടെന്നും അവ എവിടെയൊക്കെയാണ് സർവ്വീസ് നടത്തുന്നതെന്നും വിശദമാക്കുമോ;</td><td>(ഡി)</td><td>തിരുവനന്തപുരം സെൻട്രൽ, എറണാകുളം, കോട്ടയം, കോഴിക്കോട് എന്നിവിടങ്ങളിൽ നിന്നും ബാംഗ്ലൂരിലേക്ക് ആകെ 10 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്.<br>തിരുവനന്തപുരം -ബാംഗ്ലൂർ 2 സർവ്വീസ് (4 ബസ്സുകൾ),<br>എറണാകുളം - ബാംഗ്ലൂർ 1 സർവ്വീസ് (2 ബസ്സുകൾ),<br>കോട്ടയം - ബാംഗ്ലൂർ 1 സർവ്വീസ് (2 ബസ്സുകൾ),<br>കോഴിക്കോട് -ബാംഗ്ലൂർ 1 സർവ്വീസ് (1 ബസ്),<br>സ്പെയർ ബസ് - 1 എണ്ണം.</td></tr>
<tr><td>(ഇ)</td><td>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2011-2016) എത്ര വോൾവോ ബസ്സുകൾ വാങ്ങിയിട്ടുണ്ട്; ഇതിന്റെ തുക എത്ര; ഓരോ വർഷവും വാങ്ങിയ ബസ്സുകളുടെ വിലയും എണ്ണവും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;</td><td>(ഇ)</td><td>1. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.യിൽ 10 മൾട്ടി ആക്സിൽ ഫുള്ളി ബിൽഡ് വോൾവോ ബസ്സുകൾ വാങ്ങിയിട്ടുണ്ട്.
<table>
<tr><th>വർഷം</th><th>എണ്ണം</th><th>തുക</th></tr>
<tr><td>2011- 12</td><td colspan="2">വാങ്ങിയിട്ടില്ല.</td></tr>
<tr><td>2012 - 13</td><td colspan="2">വാങ്ങിയിട്ടില്ല.</td></tr>
<tr><td>2013 - 14</td><td>10</td><td>9,43,90,000.00</td></tr>
<tr><td>2014 - 15</td><td colspan="2">വാങ്ങിയിട്ടില്ല.</td></tr>
<tr><td>2015 - 16</td><td colspan="2">വാങ്ങിയിട്ടില്ല.</td></tr>
</table>
2. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജൻറം പദ്ധതിയിൽ വാങ്ങിയ ലോ ഫ്ളോർ വോൾവോ ബസുകളുടെ വിവരം
<table>
<tr><th>വർഷം</th><th>എണ്ണം</th><th>തുക</th></tr>
<tr><td>2011- 12</td><td colspan="2">വാങ്ങിയിട്ടില്ല.</td></tr>
<tr><td>2012 -13</td><td colspan="2">വാങ്ങിയിട്ടില്ല.</td></tr>
<tr><td>2013 - 14</td><td colspan="2">വാങ്ങിയിട്ടില്ല.</td></tr>
<tr><td>2014 -15</td><td>110</td><td>106,38,59,950.00</td></tr>
<tr><td>2015 -16</td><td colspan="2">വാങ്ങിയിട്ടില്ല.</td></tr>
</table>
</td></tr>
</table>

<table>
<tr>
<td>(എഫ്)</td>
<td>കഴിഞ്ഞ സർക്കാരിന്റെ അഞ്ച് വർഷക്കാലയളവിൽ വോൾവോ ബസ്സുകളുടെ അറ്റകുറ്റ പണികൾക്കായി എത്ര തുക ചെലവഴിച്ചുവെന്നതിന്റെ വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;</td>
<td>(എഫ്)</td>
<td>1. കഴിഞ്ഞ സർക്കാരിന്റെ അഞ്ച് വർഷക്കാലയളവിൽ കെ.എസ്.ആർ.ടി.സി വോൾവോ എ.സി. ബസ്സുകളുടെ അറ്റകുറ്റ പണികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>തുക</th></tr>
<tr><td>2011- 12</td><td>9,91,371.00</td></tr>
<tr><td>2012 -13</td><td>53,21,921.00</td></tr>
<tr><td>2013 - 14</td><td>52,53,995.00</td></tr>
<tr><td>2014 -15</td><td>1,44,20,824.00</td></tr>
<tr><td>2015 -16</td><td>1,08,65,589.00</td></tr>
</table>
2. കഴിഞ്ഞ സർക്കാരിന്റെ അഞ്ച് വർഷക്കാലയളവിൽ കെ.യു.ആർ.ടി.സി ലോ ഫ്ളോർ എ.സി. വോൾവോ ബസ്സുകളുടെ അറ്റകുറ്റ പണികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>തുക</th></tr>
<tr><td>2011- 12</td><td>1,54,48,348.00</td></tr>
<tr><td>2012 -13</td><td>1,75,85,245.00</td></tr>
<tr><td>2013 - 14</td><td>4,62,86,827.00</td></tr>
<tr><td>2014 -15</td><td>4,44,80,540.00</td></tr>
<tr><td>2015 -16</td><td>4,77,31,239.00</td></tr>
</table>
</td>
</tr>
<tr>
<td>(ജി)</td>
<td>കെ.എസ്.ആർ.ടി.സി- വോൾവോ ബസ്സ് തട്ടിപ്പ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ വിജിലൻസ് അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?</td>
<td>(ജി)</td>
<td>ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി വോൾവോ ബസ് തട്ടിപ്പുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നിലവിലില്ല.</td>
</tr>
</table>

സെക്ഷൻ ഓഫീസർ